**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4371** **28-10-2021 - ൽ മറുപടിയ്ക്ക്**

**തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ ചെക്കിടപാട്ടുകൾ ഉൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (എ) | പാലക്കാട് ജില്ലയിലെ തത്തമംഗലം സർവീസ് സഹകരണ ബാങ്കിലെ ചെക്കിടപാട്ടുകൾ ഉൾപ്പടെയുള്ള ക്രമക്കേട്ട കൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | തത്തമംഗലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.502 ൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം നടത്തിയ അന്വേഷണത്തിൽ ബാങ്കിൽ നിന്നും വായ്പ നൽകിയ ഇനത്തിലും വകുപ്പ്തല അനുമതിയില്ലാതെ കെട്ടിട നിർമാണം നടത്തിയതിലും, നെല്ല് സംഭരണം, ചെക്ക് ഡിസ്കൗണ്ടിങ്ങിലെ തെറ്റായ നടപടിക്രമങ്ങളിലും മറ്റ സാമ്പത്തികേതര ഇടപാടുകളിലും ക്രമ ക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ടവർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ക്രിമിനൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ